# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6129 04-07-2019-ൽ മറുപടിയ്ക്ക്

## മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തിക സംവരണം

**ചോദ്യം**

ശ്രീ.മുഹമ്മദ് മുഹസിൻ.പി

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | മുന്നോക്ക വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവരണത്തിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (എ) & (ബി) | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിൽ പത്ത് ശതമാനത്തിൽ കുറയാത്ത സംവരണം നടപ്പാക്കുന്ന വിധം, മുന്നോക്കവിഭാഗങ്ങളിലെ പിന്നോക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കേന്ദ്രസിവിൽ സർവ്വീസിലും മറ്റും മുന്നാക്ക സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഇൻകം & അസറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവരണത്തിന്റെ മാനദണ്ഡത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും വ്യത്യാസങ്ങൾ കേരള സർക്കാർ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | | |
| (സി) | കേരളത്തിന്റെ നിലവിലുള്ള സാഹചര്യം അനുസരിച്ച് ഇതിലെ നിബന്ധനകൾ പ്രകാരം ഭൂരിഭാഗം വരുന്ന ജനങ്ങൾക്കും സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ആണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള എന്തെല്ലാം മാർഗ്ഗങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ സംബന്ധിച്ച്, കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട്, വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ